# തനിയെ....

പെട്ടെന്ന് എടുത്ത ഒരു തീരുമാനമായിരുന്നു അത്. ഫയലുകളെല്ലാം വേണ്ടവിധം നോക്കി അത്യാവശ്യം കുറിച്ചെടുത്ത് മേശയിൽ വച്ചു. ഉച്ചകഴിഞ്ഞ് ലീവ് എഴുതി കൊടുത്ത് മാധവൻ വീട്ടിലേക്ക് പുറപ്പെട്ടു. ആവശ്യമുള്ള സാധനങ്ങൾ പാക്ക് ചെയ്ത് വീടുപൂട്ടി പുറപ്പെട്ടു. ട്രെയിൻ വരാൻ അരമണിക്കൂർ ബാക്കിയുണ്ട്. അയാൾ പ്ലാറ്റ്ഫോമിലെ ഒരു ഒഴിഞ്ഞ ബെഞ്ചിൽ സ്ഥാനമുറപ്പിച്ചു. മാനം ഇരുണ്ടിരിക്കുന്നു. ഒരു മഴയുടെ ലക്ഷണമുണ്ട്. കാറ്റ് ശാന്തമായി വീശികൊണ്ടിരുന്നു. അയാൾ ചുറ്റുമൊന്ന് നിരീക്ഷിച്ചു. ഇടത് വശത്ത് ഒരു യുവാവ് ഫോൺ നോക്കിയിരിക്കുന്നു. കോളേജ് വിദ്യാർത്ഥിയായിരിക്കുമെന്ന് അവനെ കണ്ടപ്പോൾ മാധവന് തോന്നി. വലതുവശത്ത് ഒരു സ്ത്രീയും പുരുഷനും പിന്നെ ഒരാൺകുട്ടിയുമുണ്ട്.

"അച്ഛാ, ഇനിയെന്നാ അച്ഛൻ വരുന്നേ?" ആൺകുട്ടി വിഷമത്തോടെ പുരുഷനോട് ചോദിച്ചു. "അച്ഛൻ ~~ഉടനെ~~ പെട്ടെന്ന് തിരിച്ചുവരും." അയാൾ മറുപടി കൊടുത്തു. "ഇനി വരുമ്പോൾ കുറച്ച് ദിവസംകൂടി"

നിൽക്കണം"; കുട്ടി സങ്കടത്തോടെ പറഞ്ഞു.
"അങ്ങനെ ചെയ്യാട്ടോ", തെല്ലൊരു നിരാശയോടെ
അയാൾ കുട്ടിയോട് പറഞ്ഞു. പതിയെ പുറംകാഴ്ചക-
ളിൽ നിന്നും മാധവൻ തന്നിലേക്കൊതുങ്ങി.
അവനും ഇങ്ങനെത്തന്നെയായിരുന്നു. എപ്പോഴും
പിന്നാലെ കൂടി... കുറച്ച് ദിവസമായി അവനെ
കാണണമെന്ന് തോന്നിയിട്ട്. റിട്ടയർമെന്റിന്
ഒരു കൊല്ലം ബാക്കി, എങ്കിലും മടുത്ത് തുടങ്ങിയി-
രിക്കുന്നു. ജീവിതസായാഹ്നം എങ്ങനെ ചിലവഴിക്കും
എന്ന ആലോചനയിലാണിപ്പോൾ. ഭാര്യയുണ്ടായിരു-
ന്നെങ്കിൽ ഒരു കൂട്ടുണ്ടാകുമായിരുന്നു. ദൂരെനിന്ന്
ചൂളം വിളി കേൾക്കാം, ട്രെയിൻ അടുത്തെത്തിക്കൊണ്ടി-
രിക്കുന്നു. മാധവൻ പതിയെ ബെഞ്ചിൽ നിന്നെഴു-
ന്നേറ്റു. ട്രെയിനെത്തിയതും കയറാനുള്ള തിരക്ക്കൂടി.
അയാൾ സാവധാനത്തിൽ കയറി, സീറ്റ് കണ്ടുപിടിച്ച്
ഇരുപ്പുറപ്പിച്ചു.

അവളെപ്പോഴും പറയും: "അവന്
നിങ്ങളെ വലിയ കാര്യമാ"... ശരിയാണ്, അവൻ
എന്തും ആദ്യം വന്ന് ചോദിക്കുന്നത് എന്നോടാണ്

മാധവൻ തന്നോടുതന്നെ പറഞ്ഞു. പക്ഷേ ഞാൻ അവന്റെ കാര്യം അത്ര ശ്രദ്ധിക്കാറില്ല. സാധാരണ അച്ഛൻമാരെപ്പോലെ അധികം സ്നേഹമോ ദേഷ്യമോ പ്രകടിപ്പിച്ചിരുന്നില്ല. എന്റെ അച്ഛനും അങ്ങനെയായിരുന്നു. അച്ഛൻ ഒരു കർക്കശക്കാരനായിരുന്നു, എല്ലാത്തിനും ചിട്ടയുണ്ട്. എല്ലാം അച്ഛന്റെ തീരുമാനത്തിലായിരുന്നു. അച്ഛനെപ്പോഴും പറയും: ~~പിള്ളേര്~~ "പിള്ളേരോട് സ്നേഹം കാണിച്ചാല് അവര് തോന്നിയപോലെ പോവും, തല്ലിത്തന്നെ വളർത്തണം". ഒരിക്കൽ ~~എന്നോട് പറഞ്ഞു~~ ഞാൻ കുട്ടികളുടെ കൂടെ ഗ്രൗണ്ടിൽ കളിക്കാൻ പോയി., അച്ഛൻ അത് എങ്ങനെയോ അറിഞ്ഞു. വീട്ടിൽ വന്നപ്പോൾ പൊതിരെ തല്ലി, അന്നെനിക്ക് ഭക്ഷണം കൊടുക്കണ്ടാന്ന് അമ്മയോട് പറഞ്ഞു. ഒരാഴ്ച്ച എന്നോട് മിണ്ടാതെ നടന്നു. വീടും സ്കൂളുമായി ജീവിതം ഒതുങ്ങി. അത്രയ്ക്കൊന്നും ഞാൻ അവനോട് ചെയ്തിട്ടില്ല. പിന്നെ പഠിക്കാതെ കളിച്ച് നടക്കുമ്പോൾ ചീത്ത പറയും, ചിലപ്പോൾ തല്ലും. എന്നാലും ഞാൻ

അവനെ കുറച്ചുകൂടി ശ്രദ്ധിക്കണമായിരുന്നു.
അവന്റെ സ്കൂളിലെ ~~ആരു~~ ഒരു പരിപാടിക്കും
പോകാറില്ല. ജോലിത്തിരക്ക് കാരണം അവന്റെ
കാര്യങ്ങളൊന്നും അറിഞ്ഞിരുന്നില്ല. എങ്കിലും
അവൻ വിശേഷങ്ങൾ ~~പറഞ്ഞ്~~ പറഞ്ഞ് അടുത്ത്
വരും. ഞാൻ ചെറുതായിട്ടൊന്ന് മൂളും. അവളാണ്
അവന് എല്ലാ കാര്യവും ചെയ്ത് കൊടുത്തത്.
അവള് പോയതോടെ അവൻ വല്ലാണ്ട് ഒറ്റപ്പെട്ടു,
ഞാനും...

ഒരു വീട്ടിൽ രണ്ട് അപരിചിതരെപ്പോലെ
ഞാനും അവനും. ചിലപ്പോഴൊക്കെ എന്തെങ്കി
ലും അവനോട് ചോദിക്കും, അവൻ ഒന്നോ
രണ്ടോ വാക്കിൽ മറുപടി പറയും. അവനോട്
എന്ത് സംസാരിക്കുമെന്ന് പലപ്പോഴും
ആലോചിക്കാറുണ്ട്... അവൻ പുറത്ത് പഠിക്കാൻ
പോകുമ്പോൾ ഇതുവരെ ഇല്ലാത്തൊരു ആധി.
അവനില്ലാതെ പറ്റില്ലാന്ന് തോന്നി. തീരെ
ഒറ്റപ്പെട്ടപോലെ. അവനെന്റെ ~~മോനല്ലേ, ഞാൻ~~
മോനല്ലേ... ഞാൻ ജീവിക്കുന്നത് അവന് ~~ചേ~~

വേണ്ടിയല്ലേ..., ഈ ലോകത്ത് എന്റേതെന്ന്
പറയാൻ ~~അവൻ~~ അവൻ മാത്രമേയുള്ളൂ. ഇതുവരെയില്ലാ-
-ത്ത ചിന്തകൾ മനസ്സിൽ വരുന്നു. അവന്റെയടു-
-ത്തിരിക്കാൻ തോന്നുന്നു, അവന്റെ ശബ്ദം
കേൾക്കാൻ തോന്നുന്നു. ഫോണെടുത്ത് അവന്റെ
നമ്പർ ~~ഞെക്ക~~ ഞെക്കി... "ഹലോ അച്ഛാ"
അവന്റെ ശബ്ദം കേട്ടപ്പോൾ മനസ്സ് തണുത്തു.
"എടാ"... ~~എന്താ അച്ഛാ~~ "എന്താ അഷാ"
സ്നേഹം കൂടുമ്പോൾ അവനങ്ങനെയാണ്
വിളിക്കാറ്. "ഞാൻ നിന്നെ ~~കാണാൻ~~ കാണാൻ
അങ്ങോട്ട് വരട്ടെ". ~~ശബ്ദമിടറിക്കൊണ്ട്~~
ഇത്രയും പറഞ്ഞപ്പോൾ ശബ്ദമിടറി. "ആ
വന്നോളൂ അച്ഛാ" ഉത്സാഹത്തോടെ അവൻ
പറഞ്ഞു. ഇതുവരെയില്ലാതിരുന്ന ആനന്ദ-
-ത്തോടെ മാധവൻ വേഗം യാത്രയ്ക്ക് വേണ്ടി
~~തയ്യാറെ~~ തയ്യാറെടുത്തു. ~~ട്രെയിനിലെ~~
ട്രെയിനിലെ ജാലകത്തിലൂടെ
അയാൾ കാഴ്ചകൾ കണ്ടു. മനസ്സ് ഒരു വലിയ
തുരങ്കത്തിലേക്ക് കയറി. അതിന്റെ അറ്റത്ത്

ഒരു ചെറിയ പ്രകാശഗോളം, അതിൽ മകന്റെ മുഖം തെളിഞ്ഞു. സ്റ്റേഷനിൽ അവൻ കാത്ത് നിൽക്കുന്നുണ്ടാവും. അടുത്ത് ചെന്നാൽ ഒന്ന് കെട്ടിപിടിക്കണം, അവന്റെ വിശേഷങ്ങൾ ചോദിച്ചറിയണം, അവന്റെ കൂടെ കുറേ ദൂരം നടക്കണം.

റിട്ടയർ ചെയ്താൽ അവന്റെ അടുത്ത് എവിടെയെങ്കിലും താമസിക്കണം, എന്നും അവനെ കാണാലോ. ഇടയ്ക്ക് അവനോട് അവിടുത്തെ വീട്ടിൽ താമസിക്കാൻ പറയാം, അവന്റെ കൂടെ ആഴ്ചയിലൊരിക്കൽ സിനിമയ്ക്ക് പോകണം, യാത്ര ചെയ്യണം, അവനെ കൂടെ നിർത്തണം: മനസ്സിനെ പുതിയ ചിന്തകൾ കൊണ്ട് നിറച്ചു. പുതിയ ജീവിതത്തെക്കുറിച്ച് ആലോചിച്ചപ്പോൾ മാധവനിൽ പ്രതീക്ഷയുടെ മൊട്ടുകൾ വിരിഞ്ഞു. മകന്റെയടുത്തേക്ക് ഇനി ഒരു മണിക്കൂർ, ആ ഒരു മണിക്കൂർ ഒരു വർഷം പോലെ തോന്നി...

മകനെ വിളിച്ചു: എടുക്കുന്നില്ല, വണ്ടി ഓടിക്കുകയായിരിക്കും. ട്രെയിൻ എത്താറായി...

ഒന്നു കൂടി വിളിച്ചു: "ഹലോ", പരിചയമില്ലാത്ത
ശബ്ദം "മനു ഇല്ലേ" ~~മാധവൻ~~ അങ്ങോട്ട്
ചോദിച്ചു: "മനുവിന്റെ അച്ഛനാണോ?", ~~"അതെ"~~
"അതെ" "സാർ ഞാൻ സബ് ഇൻസ്പെക്ട
റാണ്." "എന്താണ് സാർ കാര്യം" മാധവൻ
~~അ~~ ~~പേടിയ~~ ഭയപ്പാടോടെ ചോദിച്ചു. "മനുവിന്
~~ബൈക്ക് ചെയ്ത~~ ഒരു ആക്സിഡന്റ് ഉണ്ടായി,
ഇന്ന് ~~ഉച്ചക്ക്~~ ഉച്ചയ്ക്ക് അവൻ... പോയി."
അയാൾ പണിപ്പെട്ട് അത് പറഞ്ഞു. മാധവൻ
ഒന്നും മിണ്ടിയില്ല... തലയിലൂടെ ട്രെയിനിന്റെ
~~ചൂളം കയറി~~ ചൂളമടി ~~കയറിപ്പോടി~~: ~~കയറി~~
തല പിളരുന്നപോലെ. സ്റ്റേഷനെത്തി...
എല്ലാവരും ഇറങ്ങിപ്പോയി; ഒടുവിൽ
തീവണ്ടിമുറിയിൽ അയാൾ മാത്രമായി.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).